പരിശോധിച്ച് ബന്ധപ്പെട്ട ജനറൽ മാനേജർമാർക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. പ്രവർത്തനം ആരംഭിക്കാത്ത യൂണിറ്റുകളിന്മേൽ നിയമാനുസൃതമായ നടപടികൾ ജനറൽ മാനേജർമാർ സ്വീകരിക്കുകയും ചെയ്യാവുന്നു.

(ബി) വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കാത്ത സ്ഥലങ്ങളിലെ കെട്ടിടങ്ങൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ 8-1-2020-ലെ GO(MS)No.08/2020/ID സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പ്രവർത്തനരഹിതമായ വ്യവസായ ഭൂമി തിരിച്ചെടുക്കുന്നത്. ടി ഉത്തരവിലെ ഖണ്ഡിക (9)-ൽ, വ്യവസായ ഭൂമി ലഭിക്കുന്ന സംരംഭകൻ 6 മാസത്തിനുള്ളിൽ പ്രാരംഭ പ്രവർത്തനം ആരംഭിക്കേണ്ടതാണെന്നും ടിയാൻ കരാറിൽ ഏർപ്പെട്ട തീയതി മുതൽ 1 വർഷത്തിനുള്ളിൽ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിക്കണമെന്നും കൂടാതെ നിഷ്കർഷിക്കപ്പെട്ട കാലയളവിനുള്ളിൽ ന്യായമായ എന്തെങ്കിലും കാരണത്താൽ ടിയാന് പ്രവർത്തനം ആരംഭിക്കുന്നതിനോ ഉത്പാദനം തുടങ്ങുന്നതിനോ കഴിയാതെ വന്നാൽ ബന്ധപ്പെട്ട അധികാരിക്ക് (ജനറൽ മാനേജർ) 12 മാസക്കാലയളവുകൂടി നീട്ടി നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ നടപടികൾ സംരംഭകൻ പ്രാവർത്തികമാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ എസ്റ്റേറ്റുകളിലും ഒരു എസ്റ്റേറ്റ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. ടി വ്യവസ്ഥ പാലിക്കാത്ത പക്ഷം, എസ്റ്റേറ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നിയമപ്രകാരമുള്ള നടപടികളിലൂടെ അതാത് ജനറൽ മാനേജർമാർ ടി ഭൂമി തിരിച്ചുപിടിക്കാറുണ്ട്. കൂടാതെ പ്രവർത്തനത്തിലിരിക്കെ പ്രവർത്തനരഹിതമായ യൂണിറ്റുകൾക്ക് യൂണിറ്റ് പുനരാരംഭിക്കുന്നതിന് പരമാവധി ഒരു വർഷം അനുവദിക്കുകയും, ആരംഭിക്കാത്തപക്ഷം നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വ്യവസായ ഭൂമി തിരിച്ചെടുക്കുകയും ചെയ്യുന്നു.

പാലക്കാട് റൈസ് പാർക്കിന്റെ നിർമ്മാണ പുരോഗതി

129(5288) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലയിലെ കിൻഫ്ര മെഗാഫുഡ് പാർക്കിൽ ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. നെൽ കർഷകരുടെ ഉന്നമനത്തേയും ഈ മേഖലയുടെ മൂല്യവർദ്ധനയും ലക്ഷ്യമാക്കി അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്. നെല്ല് സംസ്കരണ യൂണിറ്റും നെല്ലിൽ നിന്ന് ഉത്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനവുമാണ് പാർക്കിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത പാർക്ക് എന്ന് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാവുമെന്നറിയിക്കാമോ?

2022 മാർച്ച് മാസത്തിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കിൻഫ്രയുടെ പെട്രോ കെമിക്കൽ പാർക്ക്

130(5289) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഫാക്ടിൽനിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ കിൻഫ്ര ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പെട്രോ കെമിക്കൽ പാർക്ക് പദ്ധതിക്കായി കൊച്ചിയിലെ ഫാക്ടിൽനിന്നും 481 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറി. ഇതിനായി കിഫ്ബി മുഖാന്തരം 977 കോടി രൂപയാണ് ഫാക്ടിന് നല്കിയത്. പ്രസ്തുത 481 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു. ഈ 481 ഏക്കർ ഭൂമിയിൽ നിന്നും 170 ഏക്കർ ഭൂമി ബി.പി.എസി.എൽ-ന് കിൻഫ്ര അലോട്ട് ചെയ്യുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. M/s Voyants Consultants Private Limited എന്ന കമ്പനിയാണ് ഇതിന്റെ രൂപരേഖ തയ്യാറാക്കിയത്. ഇപ്രകാരം അംഗീകരിച്ച രൂപരേഖ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പദ്ധതിയുടെ അലോട്ട്മെന്റും വികസന പദ്ധതികളും നടപ്പിലാക്കുന്നത്. നാളിതുവരെ കിൻഫ്ര 29 സംരംഭകർക്ക് വിവിധ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങളെന്താണെന്ന് വ്യക്തമാക്കാമോ?

നിലവിൽ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly